LIBRARY ARCHIVES Kerala Legislative Assembly

5. വിദ്യാഭ്യാസ വായ്പാ കടിശ്ശിക

ശ്രീ. പി. സി. വിഷ്ണുനാഥ് : സർ, ഏറ്റവും ഗുരുതരമായ ഒരു പ്രശ്നമാണ് ഞാൻ ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നത്. പൊതുമേഖലാ ബാങ്കായ എസ്.ബി.ടി. അവരുടെ വിദ്യാഭ്യാസ വായ്പയുടെ കടിശ്ശിക പിരിച്ചെടുക്കാനുള്ള അധികാരം അനിൽ അംബാനിയുടെ റിലയൻസ് അസെറ്റ് റീകൺസ്ട്രക്ഷൻ കമ്പനിയെ ഏൽപ്പിച്ചിരിക്കുകയാണ്. 2009 മാർച്ച് 31 വരെയുള്ള വിദ്യാഭ്യാസ വായ്പയുടെ പലിശ കേന്ദ്രസർക്കാർ ഏറ്റെടുക്കുകയെന്ന യു.പി.എ. സർക്കാരിന്റെ തീരുമാനം അട്ടിമറിച്ചതിനുശേഷമാണ് ഈ രൂപത്തിൽ വിദ്യാഭ്യാസ വായ്പയുടെ കടിശ്ശിക പിരിച്ചെടുക്കാൻവേണ്ടി അനിൽ അംബാനിയുടെ റിലയൻസിനെ എസ്.ബി.ടി. ചുമതലപ്പെടുത്തിയിരിക്കുന്നത്. 9370 കോടിരൂപയുടെ വിദ്യാഭ്യാസ വായ്പയിൽ ഏതാണ്ട് 100 കോടിരൂപ മാത്രമാണ് എൻ.പി.എ. ആയിട്ടുള്ളത്. ഏതാണ്ട് 264 കോടിരൂപ പിരിച്ചെടുക്കുന്നതിൽ 132 കോടിരൂപ റിലയൻസിന് അങ്ങോട്ട് കൊടുക്കുന്ന ഏർപ്പാടാണ്. ഇത് അംഗീകരിച്ചു കഴിഞ്ഞാൽ, നിസ്സഹായരും നിരപരാധികളും സാധാരണക്കാരുമായ വിദ്യാഭ്യാസ വായ്പ എടുത്തിട്ടുള്ള കുട്ടികളുടെ കുടുംബത്തിലേക്ക് റിലയൻസ് ഏൽപ്പിക്കാൻ പോകുന്നത് വാഹനങ്ങളുടെ സി.സി. പിരിച്ചെടുക്കാൻവേണ്ടി വീടുകളിൽ ഗുണ്ടകൾ കയറിയിറങ്ങുന്നതുപോലെയുള്ള അവസ്ഥയായിരിക്കും. റിലയൻസിനെ എസ്.ബി.ടി. ഏൽപ്പിച്ചാൽ റിലയൻസ് പ്രാദേശികമായി ഇതിന്റെ സബ്കോൺട്രാക്ട് കൊടുക്കാൻ പോകുന്നത് ലോക്കൽ ഗുണ്ടകൾക്കും ക്വട്ടേഷൻ സംഘങ്ങൾക്കുമായിരിക്കും. ഈ വിദ്യാഭ്യാസ വായ്പ എടുത്ത് കടിശ്ശികയുള്ള കുട്ടികളുടെ കുടുംബങ്ങളിലേക്ക് ഈ ക്വട്ടേഷൻ സംഘങ്ങളും ഗുണ്ടകളുമൊക്കെ ഇര പിരിക്കുന്നതിനായി കയറിയിറങ്ങുന്ന അതീവ ഗുരുതരമായ ഒരു സാമൂഹ്യപ്രശ്നം കേരളത്തിൽ ഉയർന്നുവരാൻ പോകുകയാണ്. അതുകൊണ്ട് നിലനിൽക്കുന്ന സമ്പ്രദായത്തെ അട്ടിമറിച്ചുകൊണ്ട്, തെരഞ്ഞെടുപ്പിൽ വിജയിക്കാൻ സഹായം ലഭിച്ച ഒരു കോർപ്പറേറ്റ് കുത്തകയ്ക്ക് കോടികൾ എത്തിച്ചുകൊടുക്കുന്ന ഒരു വലിയ ഗൂഢലക്ഷ്യത്തിന്റെ അടിസ്ഥാനത്തിൽ പാവപ്പെട്ട വിദ്യാർത്ഥികളുടെ വീടുകളിലേക്ക് റിലയൻസ് ഏർപ്പെടുത്തുന്ന ഗുണ്ടകളെ അയയ്ക്കുന്ന ഈ സംവിധാനത്തെ അംഗീകരിക്കാൻ പാടില്ല. ആ ഗൗരവത്തോടുകൂടി ഇതിനെതിരായിട്ടുള്ള സമീപനം സഭയും സർക്കാരും സ്വീകരിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പ്രകടിപ്പിച്ച വികാരത്തോട് ഞാൻ പൂർണ്ണമായും യോജിക്കുകയാണ്. 1969-ൽ ഇന്ദിരാഗാന്ധി പ്രധാനമന്ത്രിയായിരുന്ന കാലത്താണ് ബാങ്കുകൾ ദേശസാൽക്കരിച്ചത്.

അതിന് ഒരു ദേശീയവും സാമൂഹ്യവുമായ കാഴ്ചപ്പാടുണ്ടായിരുന്നു. അതിന്റെ കടകവിരുദ്ധമായ സമീപനമാണ് ഇത്. ബാങ്ക് ദേശവൽക്കരണം കൊണ്ട് എന്താണോ ഉദ്ദേശിച്ചിരുന്നത് അതിൽനിന്നുള്ള പുറകോട്ടുപോക്കാണ് ഇപ്പോൾ ഉണ്ടായിരിക്കുന്നത്. ഇത് കേന്ദ്രഗവൺമെന്റ് അംഗീകരിക്കുമോ ; അംഗീകരിക്കില്ല എന്നാണ് എന്റെ വിശ്വാസം. കാരണം ഇക്കഴിഞ്ഞ ബഡ്ജറ്റ് പ്രസംഗത്തിലും ശ്രീ. അരുൺ ജയ്റ്റ്ലി പറഞ്ഞത് വിദ്യാഭ്യാസവായ്പ കൂടുതൽ കാര്യക്ഷമതയോടുകൂടി നടപ്പിലാക്കുന്നതിന് പ്രത്യേക പദ്ധതി ഉണ്ടാക്കുന്നുവെന്നാണ്. പഠന വായ്പാ പലിശയുടെ പകുതി യു.പി.എ. ഗവൺമെന്റും ബാക്കി പകുതി സ്റ്റേറ്റ് ഗവൺമെന്റും ഏറ്റെടുത്തു. കേരളത്തിൽ വിദ്യാഭ്യാസ ലോണിന്റെ പലിശ കൊടുക്കാൻ യു.പി.എ. ഗവൺമെന്റ് തയ്യാറായി. ബാക്കി പകുതി കേരളാഗവൺമെന്റും കൊടുത്തു. അതിനെയൊക്കെ അട്ടിമറിച്ചുകൊണ്ട് ഇപ്പോൾ എടുത്തിട്ടുള്ള തീരുമാനം പ്രതിഷേധാർഹമാണ്. ഇത് ഒരുവിധത്തിലും അംഗീകരിക്കാൻ സാധ്യമല്ല. ഞാൻ പ്രധാനമന്ത്രിക്കും ശ്രീ. അരുൺ ജെയ്റ്റ്ലിക്കും ഈ സഭയുടെ പൊതുവികാരമായി തന്നെ കണക്കാക്കി കത്തയയ്ക്കും. അതിനുപുറമെ അനിൽ അംബാനിക്കും ഞാൻ കത്തയയ്ക്കും. അദ്ദേഹം സാമൂഹ്യമായ ഒരു കാഴ്ചപ്പാട് ഉൾക്കൊള്ളുമെന്നാണ് ഞാൻ വിശ്വസിക്കുന്നത്. 'കേരളത്തിലെ ജനങ്ങളുടെ കണ്ണീരിന്റെ ഒരു ആദായം, വരുമാനം ഏറ്റെടുക്കരുതെന്നും ഇതിൽനിന്നും പിന്മാറണമെന്നും' ആവശ്യപ്പെട്ട് കത്തെഴുതാൻ തയ്യാറാണ്. 136 കോടിരൂപയാണ് ഇന്ന് അവർക്ക് എൻ.പി.എ. ആയി വന്നിരിക്കുന്നത്. 9 കോടി രൂപയാണ് അത് കൊടുത്തിരിക്കുന്നത്. 9 കോടി രൂപ അടച്ചുകഴിയുമ്പോൾ 136 കോടിരൂപ പിരിച്ചെടുക്കാനുള്ള അവകാശം അവർക്ക് കൊടുക്കുകയാണ്. പിരിച്ചെടുക്കുന്നതിനനുസരിച്ച് 54 കോടിരൂപ കൂടി അവർക്ക് കൊടുക്കണം. 130 കോടിരൂപയുടെ എൻ.പി.എ. 63 കോടിരൂപയ്ക്ക് കരാറാക്കി 9 കോടിരൂപ വാങ്ങിക്കൊടുത്തിരിക്കുകയാണ്. ഇനി പണം കിട്ടുന്നതനുസരിച്ച് 15 കൊല്ലം കൊണ്ട് ഇവർ തിരിച്ചടച്ചാൽ മതിയാകും. ഈ സ്കീം ആരുണ്ടാക്കിയതാണ്, നമ്മുടെ ഇന്ത്യാരാജ്യത്താണോ ഇങ്ങനെയൊരു സ്കീം 2015-ൽ കൊണ്ടുവന്നതെന്ന് ഞാൻ സംശയിക്കുകയാണ്. ഇതിനോട് ഒരു വിധത്തിലും യോജിക്കില്ല. സംസ്ഥാന ഗവൺമെന്റ് അതിശക്തമായി ഇതിനെ എതിർക്കും. കേന്ദ്രഗവൺമെന്റിന്റെ അനുമതി അതിനുണ്ടാകും എന്നാണ് എന്റെ വിശ്വാസം.

ശ്രീ. സി. ദിവാകരൻ: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഈ അഭിപ്രായം പ്രമേയമായി സഭയിൽ അവതരിപ്പിക്കുകയാണെങ്കിൽ ഏകകണ്ഠമായി അത് പാസ്സാക്കി അയയ്ക്കാം.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഉമ്മൻ ചാണ്ടി : സർ, പ്രതിപക്ഷവുമായി ആലോചിച്ച് പ്രമേയം തയ്യാറാക്കി ഈ സെഷനിൽത്തന്നെ പാസ്സാക്കി നമുക്ക് അയച്ചുകൊടുക്കാം.

6. എയർ ആംബുലൻസ്

മി. ചെയർമാൻ : ശ്രീ. എ. റ്റി. ജോർജ്ജും ഇതേ വിഷയത്തിൽ സബ്മിഷന് നോട്ടീസ് നൽകിയിട്ടുണ്ട്.

ശ്രീ. ഷാഫി പറമ്പിൽ : സർ, ക്ലട്ടായ്മയിൽ കേരളം പൂതിയൊരു ചരിത്രം കുറിക്കുകയാണ്. സാമൂഹിക പ്രവർത്തകനായ അഡ്വ. നീലകണ്ഠശർമ്മയും അദ്ദേഹത്തിന്റെ പ്രിയപത്നി ശ്രീമതി ലതാ നീലകണ്ഠശർമ്മയും അവരുടെ രണ്ട് പ്രിയ പുത്രൻമാരും പ്രാർത്ഥനയോടെ കഴിഞ്ഞിരുന്ന ശ്രീ. മാത്യു ആന്റണിയും കുടുംബവും ജീവിതത്തിൽ പതിനഞ്ചാമത് ഹൃദയം മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് നേതൃത്വം നൽകിയ ഡോ. ജോസ് ചാക്കോ പെരിയപുറവും അദ്ദേഹത്തിന്റെ മെഡിക്കൽ ടീമും. ഡോക്ടറുടെ തന്നെ വാക്കുകൾ കടമെടുത്താൽ, 'രാത്രി 1.45-നും ഇതിനുവേണ്ട ഇടപെടലുകൾ നടത്താൻ സർവ്വസജ്ജമായിരുന്ന ഹൃദയവിശാലതയുള്ള ഭരണാധികാരിയായ കേരളത്തിന്റെ പ്രിയപ്പെട്ട മുഖ്യമന്ത്രി'. ഡോക്ടർ ആദ്യം ബന്ധപ്പെട്ട നമ്മുടെ സഹപ്രവർത്തകനായ ശ്രീ. ഹൈബി ഈഡൻ എം.എൽ.എ.യും ഇന്ത്യൻ നേവിയും അവരുടെ ടീമും ജില്ലാ കളക്ടറുടെ നേതൃത്വത്തിലുള്ള അഡ്മിനിസ്ട്രേഷനും 7 മിനിട്ട് 52 സെക്കന്റുകൊണ്ട് ലിസി ആശുപത്രിയിലേയ്ക്ക് ഹൃദയത്തിന് വഴികാണിച്ച ശ്രീ. ജാക്സൺ എന്ന പോലീസ് ഡ്രൈവർ ഉൾപ്പെടെയുള്ള പോലീസ് സേനയും വാഹനങ്ങൾ സൈഡിലൊതുക്കി പാർക്ക് ചെയ്ത സാധാരണക്കാരും കേരളത്തിന്റെ പ്രാർത്ഥനാനിർഭരമായ മനസ്സിലേയ്ക്ക് ഈ സംഭവം തൽസമയം എത്തിച്ച മാധ്യമങ്ങളും ആ ഹൃദയത്തോടൊപ്പം തങ്ങളുടെ പ്രാർത്ഥനയെ അയച്ച ലക്ഷക്കണക്കിന് മലയാളികളും ഉൾപ്പടെയുള്ള ഈ ക്ലട്ടായ്മയിൽ കേരളം ഒരൊറ്റ ഹൃദയമായി മാറുകയായിരുന്നു. അഡ്വ. നീലകണ്ഠശർമ്മയുടെ ഹൃദയം ശ്രീ. മാത്യു ആന്റണിയുടെ ഉള്ളിൽ മിടിക്കുമ്പോൾ അതിന് സാമ്പത്തിക സഹായം നൽകാൻ തയ്യാറായി കടന്നുവന്ന ഡോ. സിദ്ദിഖ് അഹമ്മദും മലയാളി മനസ്സിന്റെ നന്മയുടെ ഒരോർമ്മപ്പെടുത്തലായി മാറുകയായിരുന്നു, മതം മനുഷ്യനെ വേർതിരിക്കാനുള്ളതല്ല എന്ന ഓർമ്മപ്പെടുത്തൽ. രണ്ട് കാര്യങ്ങൾ ഈ സഭയിൽ സബ്മിഷനായി ഉന്നയിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഗവൺമെന്റിന്റെ കണക്ക് പ്രകാരം ആയിരത്തിലധികം പേർ വൃക്കയ്ക്കായി രജിസ്റ്റർ ചെയ്ത് കാത്തിരിക്കുന്നു. കരളിനായി 152 പേർ കാത്തിരിക്കുന്നു. ജീവനിൽ